'ഭരണഭാഷ മാതൃഭാഷ'

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്**
വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website:www.ecostat.kerala.gov.in

**നം. ഡിഇഎസ്/2025/2025-ഇഎ(1)** **തീയതി: 16-05-2025**

**സർക്കുലർ**

വിഷയം:- ഡി. ഇ. എസ് - ജീവനക്കാര്യം - വകുപ്പിൽ 2025 വർഷത്തെ ഓൺലൈൻ ജനറൽ ട്രാൻസ്ഫറിൽ അപേക്ഷ ക്ഷണിക്കുന്നത് -, സംബന്ധിച്ചത്.

സൂചന :- സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ. തീയതി 25/02/2017.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്, പാർട്ടൈം സ്വീപ്പർ ഒഴികെയുള്ള ജീവനക്കാരിൽ നിന്നും 2025 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷ സൂചന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഓൺലൈനായി ക്ഷണിക്കുന്നു. അപേക്ഷകർ SPARK മുഖാന്തിരം ഓൺലൈനായാണ് പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. SPARK-ൽ ജീവനക്കാരുടെ അപ്ഡേറ്റ് ചെയ്തിട്ടുള്ള വിവരങ്ങളുടെയും, ഓൺലൈൻ അപേക്ഷാഫോറത്തിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും പൊതുസ്ഥലംമാറ്റം നടത്തുന്നത്. ആയതിനാൽ SPARK-ലും, അപേക്ഷാഫോറത്തിലും രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ കൃത്യമാണെന്ന് അപേക്ഷകരും അതത് ഓഫീസ് മേധാവി/ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ (ഡി.ഡി.ഒ) മാരും ഉറപ്പുവരുത്തേണ്ടതാണ്. മുൻ വർഷങ്ങളിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**1. നിബന്ധനകൾ**

- ജീവനക്കാർ ആധാർ കാർഡുമായി ബന്ധിപ്പിച്ചിരിക്കുന്ന മൊബൈൽ നമ്പറും, SPARK-ൽ അപ്ഡേറ്റ് ചെയ്തിട്ടുള്ള മൊബൈൽ നമ്പറും ഒന്നായിരിക്കണം. എന്നാൽ മാത്രമേ SPARK ലോഗിൻ ചെയ്ത് അപേക്ഷകൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

- ജീവനക്കാർ ഓൺലൈൻ മുഖാന്തിരം പൊതുസ്ഥലംമാറ്റത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി www.spark.gov.in/webspark എന്ന സൈറ്റിൽ അവരവരുടെ SPARK യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ

ചെയ്തതിനുശേഷം **Service Matters** എന്ന ശീർഷകത്തിൽ **Online Transfer Processing**-ൽ **"Application for general transfer"** സെലക്ട് ചെയ്യുമ്പോൾ ഓപ്പൺ ആകുന്ന പേജിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- **SPARK**-ലെ ഡാറ്റ പൂർണ്ണമായും അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്തിട്ടുള്ള ജീവനക്കാരെ മാത്രമേ ഓൺലൈൻ മുഖേനയുള്ള സ്ഥലംമാറ്റത്തിന് പരിഗണിക്കുകയുള്ളൂ. **SPARK**-ൽ ഡാറ്റ അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്തിട്ടില്ലാത്ത ജീവനക്കാർക്ക് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുവാൻ സാധിക്കില്ല.
- അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർ/അച്ചടക്കനടപടി നേരിടുന്നവർ/ആറുമാസത്തിൽ കൂടുതൽ ശൂന്യവേതനാവധിയിൽ ആയിരിക്കുന്നവർ/അന്യത്രസേവനത്തിൽ ആയിരിക്കുന്നവർ എന്നിവരെ പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കുകയില്ല.
- **2025** വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള **'As on date for eligibility' 28/02/2025** ആയിരിക്കും.
- സൂചന സർക്കാർ ഉത്തരവിലെ നിർദേശം **4**-ൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലംമാറ്റം ആവശ്യമുള്ളവർ അപേക്ഷ ഓൺലൈനായി സമർപ്പിച്ചശേഷം അപേക്ഷയുടെ ഹാർഡ് കോപ്പിയോടൊപ്പം ആയത് സംബന്ധിച്ച **supporting documents** കൂടി ഓഫീസ് മേധാവി / ഡി.ഡി.ഒയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ അതത് ഓഫീസ് മേധാവി /ഡി.ഡി.ഒ മാർ അഭിപ്രായം രേഖപ്പെടുത്തി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ ഓഫീസർക്ക് **ecostatonlinetransfer@gmail.com** എന്ന ഇ-മെയിലിൽ നിശ്ചിത സമയത്തിനുള്ളിൽ നൽകേണ്ടതാണ്. ഹാർഡ്കോപ്പി സമർപ്പിച്ചിട്ടില്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല. അനുകമ്പാർഹമായ കാരണങ്ങളാൽ അതേ ഓഫീസിൽ നിലനിർത്തേണ്ടവർ അവരുടെ അപേക്ഷകൾ **supporting documents** സഹിതം മേൽ ഇ-മെയിൽ വിലാസത്തിൽ നിശ്ചിത സമയത്തിനുള്ളിൽ ഓഫീസ് മേധാവി / ഡി.ഡി.ഒ മാർ മുഖേന സമർപ്പിക്കേണ്ടതാണ്.
- **25/02/2017** ലെ സർക്കാർ ഉത്തരവ് സ.ഉ.(പി) നമ്പർ **3/2017**/ഉഭപവ പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് പൊതു സ്ഥലംമാറ്റം നടപ്പാക്കുന്നത്. പൊതുസ്ഥലംമാറ്റപട്ടിക പ്രസിദ്ധീകരിക്കുന്നതുവരെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ **2025** വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് ബാധകമാണ്.
- സ്ഥലംമാറ്റത്തിനുള്ള ആവശ്യത്തിലേക്കായി **15** കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള സ്റ്റേഷനുകളെ ഒരു സ്റ്റേഷനായി കണക്കാക്കുന്നതാണ്.
- പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട വിജ്ഞാപനത്തിനുശേഷം ആയത് പൂർത്തിയാകുന്നത് വരെ ജില്ലകളിൽ യാതൊരുവിധ സ്ഥലംമാറ്റവും ജില്ലാ

ഡെപ്യൂട്ടി ഡയറക്ടർമാർ നടത്തുവാൻ പാടില്ല.

- ഓൺലൈൻ മുഖേന ലഭിക്കുന്ന അപേക്ഷകൾ പ്രോസസ് ചെയ്തതിനുശേഷം ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ കരട് പട്ടിക സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ **www.ecostat.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**II. ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ അതത് ഓഫീസ് മേധാവി / ഡി.ഡി.ഒ ഓഫീസിൽ പ്രോസസ് ചെയ്യുന്ന വിധം ചുവടെ ചേർക്കുന്നു.**

- **SPARK**-ന്റെ ഹോം പേജിൽ അതത് ഓഫീസ് മേധാവി / ഡി.ഡി.ഒ ഓഫീസിന്റെ യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തശേഷം **Service Matters** എന്ന ശീർഷകത്തിൽ **Online Transfer Processing** ൽ **Online Application Processing at Office** സെലക്ട് ചെയ്യുമ്പോൾ ഓപ്പൺ ആകുന്ന പേജിൽ അപേക്ഷകരുടെ തസ്തിക തിരിച്ചുള്ള പട്ടിക ലഭ്യമാകുന്നതാണ്.
- ടി പേജിൽ ഓരോ തസ്തിക സെലക്ട് ചെയ്യുമ്പോൾ ആ തസ്തികയിലെ അപേക്ഷകരുടെ വിവരങ്ങൾ ലഭിക്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പട്ടികയിൽ ഓരോ അപേക്ഷകരുടെ പേരിന് നേരെ സെലക്ട് ചെയ്യുമ്പോൾ ടി അപേക്ഷകരുടെ അപേക്ഷാ ഫോറം ഓപ്പൺ ആകുന്നതാണ്.
- ഓഫീസ് മേധാവി / ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ (ഡി.ഡി.ഒ) മാർ അപേക്ഷകൾ വ്യക്തമായി പരിശോധിച്ച് സ്റ്റേറ്റ് ലെവൽ ഓഫീസർക്ക് **forward** ചെയ്യേണ്ടതാണ്.

**III. പ്രത്യേക മുൻഗണന വിഭാഗക്കാർക്കുള്ള നിർദ്ദേശങ്ങൾ**

പ്രത്യേക മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരിൽ നിലവിലെ സ്റ്റേഷനിൽ അഞ്ച് വർഷം പരിരക്ഷ ലഭിക്കേണ്ടവർ **SPARK** ൽ **"Service matters - Priority Category for Transfer"** എന്ന മെനുവിൽ അനുബന്ധരേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ജീവനക്കാരുടെ ലോഗിൻ ഐ.ഡി മുഖേനയും, ഡി.ഡി.ഒ യുടെ ലോഗിൻ ഐ.ഡി മുഖേനയും അനുബന്ധരേഖകൾ അപ്‌ലോഡ് ചെയ്യാവുന്നതാണ്. ജീവനക്കാർ സ്വന്തം ലോഗിൻ ഐ.ഡി യിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യുന്ന അവസരത്തിൽ ബന്ധപ്പെട്ട ഓഫീസ് മേധാവി / ഡി.ഡി.ഒ മാർ രേഖകൾ കൃത്യമായി പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തിയതിനു ശേഷം അപ്രൂവ് ചെയ്യേണ്ടതാണ്. ഡി.ഡി.ഒ യുടെ ലോഗിൻ ഐ.ഡി മുഖേന ആണ് അനുബന്ധ രേഖകൾ അപലോഡ് ചെയ്യുന്നത് എങ്കിൽ **"Submit Proof of Priority Categories"** മെനുവിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**IV. വകുപ്പിൽ 2025 ലെ പൊതു സ്ഥലംമാറ്റത്തിനായുള്ള അപേക്ഷ ഓൺലൈൻ സംവിധാനം മുഖേന സമർപ്പിക്കുന്നത് സംബന്ധിച്ച സമയപരിധി ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| 1 | ജീവനക്കാർ അപേക്ഷ സമർപ്പിച്ചു തുടങ്ങേണ്ട ദിവസം. | **19/05/2025 10.00 A.M.** |
| 2 | ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കാവുന്ന അവസാന ദിവസം. | **27/05/2025 05.00 P.M.** |
| 3 | ഓഫീസ് മേധാവി / ഡി.ഡി.ഒ മാർ അപേക്ഷകൾ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ ഓഫീസർക്ക് സമർപ്പിച്ചു തുടങ്ങേണ്ട ദിവസം. | **19/05/2025 11.00 A.M.** |
| 4 | ഓഫീസ് മേധാവി / ഡി.ഡി.ഒ മാർ അപേക്ഷകൾ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ ഓഫീസർക്ക് സമർപ്പിക്കാവുന്ന അവസാന ദിവസം. | **29/05/2025 05.00 P.M.** |

ഈ സമയക്രമത്തിൽ യാതൊരു കാരണവശാലും മാറ്റം ഉണ്ടാകുന്നതല്ല. മേൽ സമയപരിധിക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷകളും പരിഗണിക്കുന്നതല്ല.

ഓൺലൈൻ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട അപ്പീലുകൾ തീർപ്പാക്കുന്നതിനായി ചുവടെപറയുന്ന രീതിയിൽ വകുപ്പ് തല നിരീക്ഷണ സമിതി ഉണ്ടായിരിക്കുന്നതാണ്.

| **പേര്/തസ്തിക** | **കമ്മിറ്റിയിലെ സ്ഥാനം** | **ഫോൺ നമ്പർ** |
|---|---|---|
| ഡയറക്ടർ | അദ്ധ്യക്ഷൻ | **9447115318** |
| സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | സ്റ്റേറ്റ് ലെവൽ ഓഫീസർ | **9447965449** |
| ശ്രീമതി ഷൈലമ്മ കെ., ജോയിന്റ് ഡയറക്ടർ (എ.ജി.സി.) | അംഗം | **9446471351** |
| സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (അക്കൗണ്ട്സ്) | നോഡൽ ഓഫീസർ | **9895273753** |
| സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ജീവനക്കാര്യം) | അംഗം | **9447472422** |
| സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (ഇ.എ വിഭാഗം) | അംഗം | **7012740339** |
| ശ്രീ.ഉണ്ണികൃഷ്ണൻ എ, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | അംഗം | **9497841453** |
| ശ്രീ. രതീഷ് എസ്., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I | ബന്ധപ്പെട്ട സെക്ഷൻ | **9847039901** |

ഓൺലൈൻ സ്ഥലംമാറ്റം സംബന്ധിച്ച സംശയനിവാരണങ്ങൾക്ക് മേൽപ്പറഞ്ഞ സമിതി അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ ബന്ധപ്പെടേണ്ട **email id ecostatonlinetransfer@gmail.com_**

Signed by
Sreekumar B
Date: 16-05-2025 19:44:31
**DIRECTOR**

ഉള്ളടക്കം:- 1. ഓഫീസ് മേധാവി ഡി.ഡി.ഒ മാർക്കുള്ള യൂസർ മാനുവൽ
2. അപേക്ഷകർക്കുള്ള യൂസർ മാനുവൽ

വകുപ്പിലെ എല്ലാ ജീവനക്കാർക്കും

പകർപ്പ് :-

1. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന ലൈൻ ഡിപ്പാർട്ട്മെന്റുകൾ.
2. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ, താലൂക്ക് ഓഫീസ് മേധാവികൾ
3. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. നോട്ടീസ് ബോർഡ്